# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 254 | 26.09.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻകാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ആർ രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ എന്നു മുതൽ വിതരണം ചെയ്തു തുടങ്ങുമെന്ന് വ്യക്തമാക്കുമോ; | (എ) പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുളള മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുളള വിവര ശേഖരണം നടത്തി, തുടർ നടപടികൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണ്. |
| (ബി) പ്രസ്തുത റേഷൻ കാർഡുകളിൽ എന്തൊക്കെ വിവരങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) റേഷൻ കാർഡിൽ കുടുംബനാഥയുടെ മേൽവിലാസം, കുടുംബത്തിന്റെ മാസ വരുമാനം, കുടുംബാംഗങ്ങളുടെ വിവരം, റേഷൻകടയുടെ പേരും മേൽവിലാസവും, ഭവനം വൈദ്യുതീകരിച്ചതാണോ, കൺസ്യൂമർഫെഡ്, സപ്ലൈകോ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാകുന്ന അവശ്യ സാധനങ്ങളുടെ വിവരങ്ങൾ ഉൾക്കൊളളുന്ന പേജുകൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) പുതിയ റേഷൻകാർഡിന്റെ വിതരണത്തോടുകൂടി കാർഡ് ഉടമകൾക്ക് ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കുമോയെന്ന് അറിയിക്കാമോ ? | (സി) സാധിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*